LIBRARY ARCHIVES Kerala Legislative Assembly

സ്പീഡ് ഗവർണർ ഘടിപ്പിക്കാൻ നടപടി

341 (3975)ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വാഹനങ്ങൾക്കാണ് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ളത് ;

(ബി) സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ള എല്ലാ വാഹനങ്ങളിലും ആയത് ഘടിപ്പിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത് പാലിച്ചിട്ടില്ലാത്ത വാഹനങ്ങൾ കണ്ടെത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകളിലൂടെ ടിപ്പർ വാഹനങ്ങൾ, എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകൾ, സ്റ്റേജ് കാര്യേജുകൾ, ഹെവിവാഹനങ്ങൾ എന്നിവയ്ക്ക് സ്പീഡ് ഗവർണർ നിർബന്ധ മാക്കിയിട്ടുണ്ട്. 31-12-2012 ജി.എസ്.ആർ. 943(ഇ) പ്രകാരം 3,500 കിലോ ഗ്രാമിൽ കൂടുതൽ ഗ്രോസ്സ് വെഹിക്കിൾ വെയ്റ്റ് ഉള്ള മൊബൈൽ ക്ലിനിക്ക്, എക്സ്-റേ വാൻ, ലൈബ്രറി വാൻ, മൊബൈൽ വർക്ക് ഷോപ്പ്, മൊബൈൽ കാന്റീൻ എന്നിവയ്ക്ക് സ്പീഡ് ഗവർണർ നിർബന്ധമാണ്.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

അരുർ പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്റർ ഓഫീസ് നിർമ്മാണം

342 (3976) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരുർ പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിർമ്മിക്കണമെന്നുള്ള പഞ്ചായത്ത് അധികാരികളുടെ നിവേദനത്തെ തുടർന്ന് പ്രസ്തുത ഓഫീസ് നിർമ്മിക്കുന്നതിന് അനുവാദം നൽകിയിരുന്നോ ;